മലയാള മനോരമ
ESTABLISHED 1888

**18 July 2021**

# ഐസിഎആർ പുരസ്കാരം ഡോ. കാജൽ ചക്രവർത്തിക്ക്



കൊച്ചി • കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സിഎംഎഫ്ആർഐ) പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. കാജൽ ചക്രവർത്തിക്കു നോർമൻ ബോർലോഗ് ദേശീയ പുരസ്കാരം (10 ലക്ഷം രൂപ). കടൽപായലിൽ ഗവേഷണം നടത്തി ജീവിതശൈലീരോഗങ്ങൾക്കെതിരെ ഫലപ്രദമായ ന്യൂട്രസ്യൂട്ടിക്കൽ ഉൽപന്നങ്ങൾ വികസിപ്പിച്ചതിനാണ് അംഗീകാരം. ഗവേഷണ രംഗത്തെ മികവിന് ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ഐസിഎആർ) 5 വർഷത്തിലൊരിക്കൽ നൽകുന്ന പുരസ്കാരമാണിത്. 5 വർഷത്തേക്ക് 1.5 കോടി രൂപ ഗവേഷണ ഗ്രാന്റും ലഭിക്കും. മികച്ച ഡോക്ടറൽ പ്രബന്ധത്തിനുള്ള പുരസ്കാരം സിഎംഎഫ്ആർഐ ഗവേഷക വിദ്യാർഥി ഡോ. ഫസീന മക്കാറിനാണ്.